ഡി.പി.ഇ.പി.

11 (*101) ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഡി.പി.ഇ.പി. അനുസരിച്ച് സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി അൺ-എയിഡഡ് സ്കൂളുകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഡി.പി.ഇ.പി.ക്കെതിരെ ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ എന്തെല്ലാം ;

(ഡി) ഈ ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ഇ.പി. പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദ വിവരം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) :

(എ) ഡി. പി. ഇ. പി. അനുസരിച്ച് സംസ്ഥാന വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂളുകളിലെ ഭൗതിക സൗകര്യം, കുടിവെള്ളം, ഇടഭിത്തികൾ, ക്ലാസ്മുറികൾ എന്നിവ മെച്ചപ്പെട്ടു;

2. പ്രൈമറി വിദ്യാലയങ്ങളില്ലാതിരുന്ന സ്ഥലങ്ങളിൽ പുതിയ സ്കൂൾ ആരംഭിക്കുവാൻ സാധിച്ചു;

3. പുതിയ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പാക്കുക വഴി കുട്ടികളുടെ പഠന നേട്ടങ്ങൾ വർദ്ധിച്ചിട്ടുണ്ട്;

4. അദ്ധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുകവഴി അവരുടെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്;

5. വൈകല്യങ്ങളുള്ള കുട്ടികളെ ശാസ്ത്രീയമായി സഹായിച്ച് അവർക്കുകൂടി മറ്റു കുട്ടികൾക്കൊപ്പം പഠന നേട്ടം കൈവരിക്കാൻ സാധിച്ചു;

6. പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ ഫലപ്രദമായ ഗവേഷണങ്ങൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്;

7. അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളായ ഡയറ്റുകളെ ശക്തീകരിക്കാൻ കഴിഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly

8. പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗം ശാസ്ത്രീയമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു;

9. പ്രാഥമിക തലത്തിലെ സ്കൂൾ പ്രവേശനം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, പഠനനേട്ടം എന്നിവയിലെ സ്ത്രീ-പുരുഷ വ്യത്യാസവും സമൂഹത്തിലെ വിവിധ തരക്കാർ തമ്മിലുള്ള വ്യത്യാസവും ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ സാമ്പത്തികാനുകൂല്യങ്ങൾ അൺ-എയിഡഡ് സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സാദ്ധ്യമല്ല. എന്നാൽ കേരള സിലബസ് പിന്തുടരുന്ന അൺ-എയിഡഡ് സ്കൂളുകൾക്കും ഈ പദ്ധതിയുടെ അക്കാദമിക് കാര്യങ്ങൾ ബാധകമാണ്.

(സി) ഡി.പി.ഇ.പി.ക്കെതിരെ പ്രധാനമായും ഉയർന്നു വന്നിട്ടുള്ള ആക്ഷേപം ലോകബാങ്കിന്റെ സഹായം സ്വീകരിക്കുന്നതു സംബന്ധിച്ചാണ്. കൂടാതെ ഡി.പിഇ.പി.യിൽ പരീക്ഷയ്ക്കും പാഠപുസ്തകത്തിനും തീരെ പ്രാധാന്യം ഇല്ലെന്നും ഡി.പി.ഇ.പി. തുടർന്നാൽ സർക്കാർ സ്കൂളുകൾ പൂട്ടേണ്ടി വരും, പദ്ധതി നടപ്പിലാക്കിയതു മൂലം ഒന്നാം ക്ലാസ് പ്രവേശനം ഗണ്യമായി കുറഞ്ഞു. ഡി.പി.ഇ.പി. വിദ്യാർത്ഥികളെ ബുദ്ധിഹീനതയിലേയ്ക്ക് നയിക്കുകയും രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുകയും ചെയ്യുന്നു തുടങ്ങിയ ആരോപണങ്ങളും നിലവിലുണ്ട്.

(ഡി) ഇല്ല.

വ്യവസായ നയം

12 (*102) ശ്രീമതി രാധാരാഘവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചത് എന്നാണ് ;

(ബി) പ്രസ്തുത വ്യവസായ നയത്തിൽ അടുത്ത രണ്ടു വർഷത്തിനുള്ളിൽ 3250 കോടി രൂപ മുതൽ മുടക്കി 9% വളർച്ചാനിരക്ക് വിഭാവനം ചെയ്യുന്നുവെന്നും മുന്നര ലക്ഷംപേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞിരുന്നുവോ ;

(സി) തുടർന്നുള്ള ഓരോ വർഷത്തെ ബഡ്ജറ്റിലും ഇതിനുവേണ്ടിയുള്ള എന്തൊക്കെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി ;

(ഡി) 1998-99-ലെ വാർഷിക പദ്ധതിയിൽ വ്യവസായത്തിന് വക കൊള്ളിച്ചത് എന്തു തുകയാണ് ;

LIBRARY ARCHIVES Kerala Legislative Assembly